സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളായി നിലനിർത്താൻ നടപടി

5 (*155) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ സ്വകാര്യ സംരംഭകർക്ക് സ്ഥാപനം നടത്തുവാൻ അനുവാദം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം ഒഴിവാക്കാനാവില്ലെന്ന അഭിപ്രായം ഗവൺമെന്റിനുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളായി തന്നെ നിലനിർത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സ്വകാര്യ സംരംഭകർക്ക് സ്ഥാപനം നടത്തുന്നതിന് അനുവാദം നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് സർക്കാർ സ്ഥലം നൽകും. അവർക്ക് ഈ സ്ഥലത്ത് നിക്ഷേപം ഇറക്കാം. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥത സർക്കാരിനായിരിക്കും. അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യ സംരക്ഷണ സേവനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, ആശുപത്രി ഇൻപേഷ്യന്റ് സൗകര്യങ്ങളായ സാധാരണ വാർഡുകൾ, ഡീലക്സ് പേവാർഡുകൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ആശുപത്രി മാലിന്യ നിർമ്മാർജ്ജനം, രോഗികൾക്കും രോഗികളുടെ കൂട്ടിരുപ്പുകാർക്കും വേണ്ടിയുള്ള സേവനങ്ങളായ ഭക്ഷണവിതരണം, താമസസൗകര്യം മുതലായ മേഖലകളിലാണ് സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചത്. ഇതു കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രി കൃാമ്പസിൽ മിൽമാ ബൂത്തുകളും, ടെലഫോൺ ബൂത്തുകളും പ്രവർത്തിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ പങ്കാളിത്തം പൂർണ്ണമായി ഒഴിവാക്കാനാവില്ല.

(സി) സർക്കാർ ആശുപത്രികൾ ധർമ്മാശുപത്രികൾ ആയി തന്നെയാണ് പ്രവർത്തിക്കുന്നത്. സർക്കാർ ആശുപത്രികളിൽ നിന്നുമുള്ള സേവനങ്ങൾ പൊതു ജനങ്ങൾക്ക് സൗജന്യമായിട്ടാണ് നൽകിവരുന്നത്. എന്നാൽ ആശുപത്രി വികസന കമ്മിറ്റി മുഖേന സാമ്പത്തികശേഷിയുള്ള ആളുകളിൽനിന്ന് 'യൂസർ ഫീ' എന്ന നിലയിൽ ചെറിയ തുകകൾ ഓരോ സേവനങ്ങൾക്കും ശേഖരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന തുക അതാത് സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ നൽകുന്നതിന് ഉതകുന്ന തരത്തിൽ ചെലവഴിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഇത്തരം ചികിത്സകൾ പാവങ്ങൾക്ക് സൗജന്യമായി നൽകി എന്നതുതന്നെ ധർമ്മാശുപത്രികൾ എന്ന തത്വം അംഗീകരിച്ചുകൊണ്ടാണ് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുമ്പോഴും ഈ സൗജന്യം നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഹവാല പണമിടപാട് സംബന്ധിച്ച അന്വേഷണം

6 (*156) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നൈ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ ഹവാലപണം കേരളത്തിലേക്ക് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഹവാലപണം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിലേക്ക് ഹവാലപണം കടത്തുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ, മലപ്പുറം സ്വദേശികളെ അറസ്റ്റ് ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവരെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് 336 കോടി രൂപയുടെ ഹവാലപണം ഇടപാടിനെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹവാല ഇടപാടുമായി ബന്ധപ്പെട്ട് 52 ലക്ഷം രൂപയുമായി അറസ്റ്റ് ചെയ്ത് സംഭവത്തിന് ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4 പേരെ അറസ്റ്റ് ചെയ്യുകയും. തുടർന്നുള്ള അന്വേഷണത്തിന് എൻഫോഴ്സ്മെന്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. മൊയ്തീൻഷാ, നാസ്സർ, താജുദ്ദീൻ, ഹനീഫ എന്നീ നാലു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗുരുവായൂർ സ്റ്റേഷനിൽ ക്രൈം നമ്പർ 102/03, യു./എസ്. 4 (1)(ഡി), 102 സി. ആർ.പി.സി. പ്രകാരം കേസെടുക്കുകയും ആയത് എൻഫോഴ്സ്മെന്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly